(ഡി) 1998 ജൂലായ് 21 -ന് ശേഷം നാളിതുവരെയും ധനകാര്യ വകുപ്പിൽ ഒരു തസ്തികയും സൃഷ്ടിച്ചിട്ടില്ല.(വ്യയ നിയന്ത്രണ ഉത്തരവുകൾ നിലവിലുള്ളതിനാലാണ് തസ്തികകൾ സൃഷ്ടിക്കാൻ കഴിയാത്തത്).

(ഇ) ബാധകമല്ല

പ്രതിശീർഷ വരുമാനം

28 (360) ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ജനങ്ങളുടെ പ്രതിശീർഷ വരുമാനം എത്രയെന്നു വ്യക്തമാക്കാമോ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) വിവിധ ജില്ലകളിൽ പ്രതിശീർഷ വരുമാനത്തിലെ അന്തരത്തിൽ കാരണമെന്താണെന്ന് സർക്കാർ പഠിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഇ) ഈ അന്തരം ഇല്ലായ്മ ചെയ്യാൻ വികസന പ്രവർത്തനം നടത്തുംപോൾ പിന്നോക്ക ജില്ലകൾക്ക് കൂടുതൽ പരിഗണനനൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തന്നാണ്ട് വില നിലവാരത്തിൽ 1996-97 ൽ 13089/. രൂപയും 1997-98 ൽ 15195/- രൂപയും (താൽക്കാലിക നിർണ്ണയം) ആകുന്നു. 1998-99 ൽ 1775 (ശീഘ്രഗതി നിർണ്ണയം) രൂപയും ആകുന്നു. സ്ഥിര വിലനിലവാരത്തിൽ (1993-94 വിലയിൽ) 1996-97-ൽ 9039/- രൂപയും 1997-98 (താൽക്കാലിക വില നിർണ്ണയം) 93817 രൂപയും 1998-99(ശീഘ്ര വില നിർണ്ണയം) 9807/ രൂപയും ആകുന്നു.

(ബി) ജില്ല തിരിച്ചുള്ള കണക്ക് പ്രത്യേകം ചേർത്തിട്ടുണ്ട്

(സി,ഡി) പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല

(ഇ) ഇപ്പോൾ തന്നെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ക്ഷാമബത്ത കുടിശ്ശിക

29 (361) പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്ക് എത്ര ഗഡു ക്ഷാമബത്തയാണ് കുടിശ്ശികയായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോന്നും എന്നു മുതലാണ് കുടിശ്ശികയായിട്ടുള്ളതെന്നും, എത്ര ശതമാനം വീതമാണെന്നും വ്യക്തമാക്കാമോ;

(സി) ഇവ എന്തുകൊണ്ടാണ് ജീവനക്കാർക്ക് യഥാസമയം ലഭ്യമാക്കാത്തത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) കുടിശ്ശിക ഗഡുക്കൾ ലഭിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 15 (347) കാണുക

DEBT POSITION

OF GOVERNMENT OF KERALA

(Rs. In crores)

	March 1999 (as per statement No.4 of Finance Accounts)	March 2000 (as per jounral entry of Accountant General)	Total
Internal Debt of the State Government	4424.36	739.88	**5164.24**
Loans & Advance from the Central Government	5648.14	826.02	**6474.16**
Small Savings Provident Fund Etc.	5627.78	2909.88	**8537.66**
Total	**15700.28**	**4475.78**	**20176.06**

അനുബന്ധം V

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 28 (360) കാണുക

ജില്ല തിരിച്ചുള്ള കണക്ക് :

		1996-97		1997-1998		1998-1999	
		തന്നാണ്ട് വിലനില വാരത്തിൽ	സ്ഥിരവില നിലവാര ത്തിൽ	തന്നാണ്ട്	സ്ഥിരവില	തന്നാണ്ട്	സ്ഥിരവില
1.	തിരുവനന്തപുരം	13062	9102	15164	9462	17744	9909
2.	കൊല്ലം	13011	8999	15056	9337	17503	9750
3.	പത്തനംതിട്ട	13076	9096	15070	9429	17548	9877
4.	ആലപ്പുഴ	13005	9051	15129	9452	17700	9911
5.	കോട്ടയം	14465	9975	16831	10337	19722	10820
6.	ഇടുക്കി	14557	10098	16629	10365	19091	10776
7.	എറണാകുളം	16324	11199	19066	11671	22459	12237
8.	തൃശ്ശൂർ	13700	9461	15969	9872	18734	10350
9.	പാലക്കാട്	11580	8042	13396	8330	15595	8692
10.	മലപ്പുറം	9500	6535	11036	6763	12889	7055
11.	കോഴിക്കോട്	12980	8893	15100	9217	17663	9611
12.	വയനാട്	14225	9786	16323	10005	18838	10378
13.	കണ്ണൂർ	12741	8757	14816	9071	17325	9462
14.	കാസർഗോഡ്	13620	9387	15810	9733	18445	10168
	സംസ്ഥാനം	13089	9039	15195	9381	17756	9807

LIBRARY ARCHIVES Kerala Legislative Assembly